പിരിച്ചുവിട്ട ക്രാഫ്റ്റ് അദ്ധ്യാപകർ.

*1432. [13] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ കഴിഞ്ഞ സ്കൂൾ അടച്ചുതോട്ടുകൂടി സംസ്ഥാനത്തെ പ്രൈവറ്റ് മാനേജ്മെന്റ് സ്കൂളിൽനിന്നും എത്ര ക്രാഫ്റ്റ് അദ്ധ്യാപകരെ പിരിച്ചുവിട്ടിട്ടുണ്ട്;

(ബി) അവരിൽ എത്രപേർക്ക് രണ്ടു കൊല്ലമോ അതിൽ കൂടുതലോ സർവ്വീസുണ്ട്;

(സി) അവരെ പിരിച്ചുവിട്ടതു സംബന്ധിച്ച് ഗവണ്മെന്റിനു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ഡി) പിരിച്ചു വിടപ്പെട്ട പല അദ്ധ്യാപകർക്കും ഉള്ളതു യോഗ്യത മാത്രമുള്ള ക്രാഫ്റ്റ് അദ്ധ്യാപകരെ ഗവണ്മെന്റ് സ്കൂളുകളിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ, ബി) അതിന്റെ വിവരങ്ങൾ ഇതുവരെ കിട്ടിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) നിശ്ചിത യോഗ്യതയില്ലാത്ത ക്രാഫ്റ്റ് അദ്ധ്യാപകന്മാരെ ഗവണ്മെന്റ് സ്കൂളുകളിൽ സ്ഥിരപ്പെടുത്തിയിട്ടില്ല.

ശ്രീ. എം. എം. മത്തായി : ഈ ക്രാഫ്റ്റ് അദ്ധ്യാപകന്മാരെ പിരിച്ചു വിട്ടതിനെ സംബന്ധിച്ച് അവർ ഗവണ്മെന്റിലേയ്ക്ക് നിവേദനങ്ങൾ സമർപ്പിച്ചിട്ട് തക്കസമയത്തു അവർക്ക് ഒരു മറുപടിപോലും കൊടുക്കാതെ അവരെ ഒരു സമരത്തിലേയ്ക്ക് ഇറക്കിവിട്ടതായി ഗവണ്മെന്റിനറിവുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതേപ്പറ്റി ഗവണ്മെന്റിനറിവില്ല. അവരെ റീഎൻറർടെയിൻ ചെയ്യാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. പി. ടി. ചാക്കോ : ക്രാഫ്റ്റ് അദ്ധ്യാപകർ പല നിവേദനങ്ങളും നടത്തിയിട്ടും അവരെപ്പോലെ തുല്യയോഗ്യതയുള്ളവരെ ഗവണ്മെന്റ് സർവ്വീസിൽ സ്ഥിരപ്പെടുത്തിയിരിക്കുന്നതു തെറ്റാണെന്നു അറിയിക്കുകയും ചെയ്തിട്ടും ഇന്നും എത്രപേരെ പിരിച്ചു വിട്ടിട്ടുണ്ടെന്നുള്ളതിനെപ്പറ്റി ചോദിച്ചിട്ട് അവഗണനാഭാവത്തിൽ ഇങ്ങനെ ഒരു മറുപടി പറയുന്നതു ശരിയാണോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പ്രൈവറ്റ് സ്കൂളുകളിൽ നിയമിച്ചിട്ടുള്ള അദ്ധ്യാപകരുടെ കണക്ക് മുൻകൂറായി അയച്ചുതരാറു പതിവില്ല. അതന്വേഷിച്ചു എത്രയും വേഗം തരാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. അതു ഇതുവരെ ഗവണ്മെന്റിനു കിട്ടിയിട്ടില്ല.

ശ്രീ. പി. ടി. ചാക്കോ : യോഗ്യതയുള്ള ആളുകളെ പിരിച്ചു വിട്ടിട്ടു യോഗ്യത കുറവുള്ള ആളുകളെ ഗവണ്മെന്റ് സ്കൂളുകളിൽ നിയമിച്ചിട്ടുള്ളതായി പരാതി വന്നിട്ടുള്ളതിന്മേൽ എന്തു നടപടി നടത്തി എന്നു പറയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അവരെ അടുത്ത ജൂൺ മുതൽ റീഎൻറർ ടെയിൻചെയ്യാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ് : ഗവണ്മെന്റ് സ്കൂളുകളിൽ പ്രൊവിഷണലായിട്ട് എടുത്തിട്ടുള്ള ക്രാഫ്റ്റ് അദ്ധ്യാപകന്മാരെ പിരിച്ചുവിട്ടിട്ടുള്ളവരെ തിരിച്ചെടുക്കാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അവരെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിനു പെട്ടെന്നു ഉത്തരവു പുറപ്പെടുവിക്കാൻ നിവൃത്തിയില്ല. അവരെ നിയമിച്ചിട്ടുള്ളതു പബ്ലിക്ക് സർവ്വീസ് കമ്മിഷനാണു. അതുകൊണ്ടു അവരെ സംബന്ധിച്ചു പബ്ലിക്ക് സർവ്വീസ് കമ്മിഷനുമായി ആലോചിച്ചുവരുകയാണു.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ പിരിച്ചുവിടൽ അതായതു മാർച്ച് 31-ാംതീയതി പിരിച്ചുവിട്ടു ജൂൺ 1-ാംതീയതി തിരിച്ചു എടുക്കുക എന്നു പറയുന്നതു ഒഴിവുകാലത്തു അവർക്കു ശമ്പളം കൊടുക്കാതെ കഴിക്കുന്നതിനുവേണ്ടിയാണെന്നൊരർത്ഥം അതുകൊണ്ടു വരികയില്ലേ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെയൊരർത്ഥം വരികയില്ലെന്നാണു തോന്നുന്നതു. പരാതി ലഭിച്ചതനുസരിച്ചു അവർക്കു എന്തെങ്കിലും കൺസഷൻ ചെയ്യാമോ എന്നു നോക്കുന്നതാണു. സ്കൂളുകളിൽ എംപ്ലോയിമെന്റു എക്സ്ചേഞ്ചുവഴി എടുക്കുന്ന അദ്ധ്യാപകന്മാർക്കും വെക്കേഷനു ശമ്പളം കൊടുക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോഴുമില്ല, മുമ്പുമില്ല. പക്ഷെ അവരുടെ നിവേദനങ്ങൾ അനുസരിച്ചു അവർക്കനുകൂലമായിട്ടുള്ള നടപടി ഗവണ്മെന്റു സ്വീകരിക്കുകയാണു.

ശ്രീമതി കുസുമം ജോസഫ് : പ്രൈവറ്റു സ്കൂളുകളിലെ ക്രാഫ്റ്റു അദ്ധ്യാപകന്മാരെ നിശ്ചിതയോഗ്യതയില്ലാ എന്ന കാരണത്താൽ പിരിച്ചുവിട്ടിട്ടു ഗവണ്മെന്റ് സ്കൂളുകളിൽ അതുയും യോഗ്യതയുള്ളവരെ സ്ഥിരപ്പെടുത്തി അവർക്കു ശമ്പളം കൊടുത്തുവരുന്ന എന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : വസ്തുതയൊക്കെ ഗവണ്മെന്റിനറിയാം. അതു പണ്ടേ നടന്ന സംഭവമാണു. ആ തരം കുറെ അദ്ധ്യാപകന്മാരെ ഗവണ്മെന്റു സർവ്വീസിൽ ഇടരാൻ അനുവദിച്ചിട്ടുണ്ടു. ഏതായാലും അവശ്യതയുള്ള അദ്ധ്യാപകന്മാരെ സംബന്ധിച്ചു ഗവണ്മെന്റു നടപടി എടുത്തിട്ടുണ്ടു.

ആയുർവ്വേദ ഔഷധങ്ങൾ ഉണ്ടാക്കുന്ന സ്ഥാപനം.

* 1433. [14] ശ്രീ. ഇ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറിൽ സർക്കാരിന്റെ കീഴിൽ ആയുർവ്വേദ ഔഷധങ്ങൾ ഉണ്ടാക്കുന്ന ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയാണു, ഏതാണു ആ സ്ഥാപനം;

(സി) പ്രതിവർഷം സർക്കാർ വകയായുള്ള ആയുർവ്വേദ ആശുപത്രികളിലും ഡിസ്പെൻസറികളിലും ഉപയോഗിക്കുന്നതിനാവശ്യമായ ഔഷധങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതു സാധിക്കുന്നതിനുള്ള പരിപാടി എന്താണു;

(ഇ) മലബാർ ഡിസ്ട്രിക്ടിന്റെ ബോർഡിൻ കീഴിലുള്ള മുണ്ടൂരിലെ ആയുർവ്വേദ ഔഷധ നിർമ്മാണശാല ഗവണ്മെന്റു ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ എ. ആർ. മേനോൻ):

(എ) ഉവ്വു.

(ബി) തിരുവനന്തപുരം ആയുർവ്വേദകാളേജിനോടനുബന്ധിച്ചുള്ള ഫാർമസി ഗവണ്മെന്റിന്റെ കീഴിൽ തൃശ്ശൂർ ഒന്നുണ്ടു, കേരളവർമ്മ ആയുർവ്വേദ ഫാർമസി, സഹകരണാടിസ്ഥാനത്തിൽ നടത്തുന്നതിനു വേണ്ട നടപടി എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly